# മതസഹിഷ്ണുത ഇസ്‌ലാമിക സംസ്കാരത്തിൽ

ഡോ. മുസ്തഫസ്സബാഈ

**ഇസ്‌ലാമിക** സംസ്കാരത്തിലെ അത്യാകർഷകമായ ഒരു ഭാഗമാണിത്. മതങ്ങളുടേയും ആദർശങ്ങളുടേയും ചരിത്രത്തിൽ അതിനുപമയില്ല. ഏതെങ്കിലും മതമോ സമുദായമോ നെയ്തെടുത്ത പ്രാചീന സംസ്കാരങ്ങളും അതിനോട് കിടനിൽക്കില്ല. ഇസ്‌ലാം പണിതുയർത്തിയ സംസ്കാരം മറ്റു മതങ്ങളുടെ അസ്തിത്വം അംഗീകരിക്കുന്നു. ഭിന്ന വിരുദ്ധങ്ങളായ അഭിപ്രായങ്ങളോടും ആദർശങ്ങളോടും അതിന് സഹിഷ്ണുതയില്ല. ''വാർത്തകൾ ശ്രദ്ധിച്ചു കേൾക്കുകയും അതിൽ ഉത്തമമായത് പിൻപറ്റുകയും ചെയ്യുന്ന എന്റെ അടിമകൾക്ക് സന്തോഷവാർത്ത അറിയിക്കുക" എന്നതാണതിന്റെ മുദ്രാവാക്യം. അതിനാൽ ഇസ്‌ലാമിക സംസ്കാരത്തിൽ മതസഹിഷ്ണുതയുടെ അടിത്തറകൾ താഴെ പറയുന്നവയാണ്.

1. ദൈവിക മതങ്ങളെല്ലാം ഒരേ നീരുറവയിൽനിന്ന് നിർഗളിച്ചവയാണ്.

''നൂഹിനോടും ഇബ്രാഹീമിനോടും മൂസയോടും ഈസയോടും കൽപിച്ചതും നിനക്കറിയിച്ചുതന്നതുമായ മതത്തെതന്നെയാണ് അവൻ നിങ്ങൾക്ക് നടപടി മാർഗമായി നിശ്ചയിച്ചു തന്നിട്ടുള്ളത്. അഥവാ, നിങ്ങൾ ദീനിനെ സംസ്ഥാപിക്കുക; അതിൽ ഭിന്നിക്കാതിരിക്കുക" (വി. ഖുർആൻ)

2. പ്രവാചകന്മാരെല്ലാം സഹോദരന്മാരാകുന്നു. അവർക്കിടയിൽ ഉച്ചനീചത്വമില്ല. മുസ്‌ലിംകൾ അവരിലെല്ലാം വിശ്വസിക്കണം. "പറയുക: അള്ളാഹുവിലും ഞങ്ങൾക്കവതരിച്ചു കിട്ടിയതിലും ഇബ്രാഹീമിനും ഇസ്മാഈലിനും ഇസ്ഹാഖിനും യഅ്ഖൂബിനും യഅ്ഖൂബ് സന്തതികൾക്കും അവതീർണമായതിലും മൂസാക്കും ഈസാക്കും മറ്റു പ്രവാചകന്മാർക്കും തങ്ങളുടെ നാഥങ്കൽനിന്ന് നൽകപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അള്ളാഹുവിനെ സർവാത്മനാ കീഴ്പ്പെടുന്നവരാണ്."

3. ആദർശസ്വീകരണത്തിന് ബലപ്രയോഗം പാടില്ല. കാര്യങ്ങൾ ഗ്രഹിച്ചും തൃപ്തിപ്പെട്ടുമായിരിക്കണം മതപരിവർത്തനം.

"മതത്തിൽ ബലപ്രയോഗമില്ല" (വി.ഖു)

4. ഇതരമതസ്ഥരുടെ ആരാധനാലയങ്ങളേയും മുസ്‌ലിം പള്ളികളെപ്പോലെ സംരക്ഷിക്കണം.

''ജനങ്ങളെ ചിലരെ ചിലരെക്കൊണ്ട് തടുത്തില്ലായിരുന്നുവെങ്കിൽ, അല്ലാഹുവിന്റെ നാമം കൂടുതൽ സ്മരിക്കപ്പെടുന്ന മഠങ്ങളും ചർച്ചുകളും സെനഗോഗുകളും പള്ളികളും തകർക്കപ്പെടുമായിരുന്നു."(വി.ഖു.)

5. മതപരമായ വൈവിധ്യങ്ങളുടെ പേരിൽ മനുഷ്യൻ പരസ്പരം അറുകൊല ചെയ്യരുത്. അന്യോന്യം അതിക്രമിക്കാതെ നന്മയിൽ സഹകരിക്കുകയും തിന്മയെ എതിരിടുകയും വേണം.

"നന്മയിലും ദൈവഭക്തിയിലും നിങ്ങൾ പരസ്പരം സഹായിക്കുക. കുറ്റത്തിനും അതിക്രമത്തിനും സഹായിക്കരുത്." (വി. ഖു.)

ജനങ്ങൾക്കിടയിൽ അഭിപ്രായനൈക്യമുള്ള കാര്യങ്ങൾ അന്ത്യനാളിൽ അല്ലാഹു തീരുമാനിച്ചുകൊള്ളും. "ക്രിസ്ത്യാനികൾക്ക് യാതൊരടിസ്ഥാനവുമില്ലെന്ന് ജൂതന്മാർ പറയുന്നു. ജൂതന്മാർക്ക് യാതൊരടിസ്ഥാനവുമില്ലെന്ന് ക്രിസ്ത്യാനികളും പറയുന്നു. ഇരുകൂട്ടരും ഗ്രന്ഥം വായിക്കുന്നുമുണ്ട്. വേദജ്ഞാനം ലഭിച്ചിട്ടില്ലാത്തവരും ഇവരിപ്പറഞ്ഞപോലെ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇവർ ഭിന്നിച്ചിരിക്കുന്ന വിഷയങ്ങളിൽ പുനരുത്ഥാന ദിവസം അള്ളാഹു വിധി കൽപിക്കുന്നതാണ്" (വി.ഖു.)

6. ഓരോരുത്തരും സ്വശരീരത്തിനും ഇതര ജനങ്ങൾക്കും ചെയ്യുന്ന നന്മകളും പുണ്യങ്ങളുമാണ് ശ്രേഷ്ഠതയുടെ മാനദണ്ഡം. "സൃഷ്ടികളെല്ലാം അല്ലാഹുവിന്റെ കുടുംബമാണ്. സ്വകുടുംബത്തിന് കൂടുതൽ പ്രയോജനപ്പെടുന്നവനാണ് അല്ലാഹുവിന് ഏറ്റവും പ്രിയങ്കരൻ. " (നബിവചനം)

"നിങ്ങളിൽ കൂടുതൽ ദൈവഭക്തനാണ് അള്ളാഹുവിങ്കൽ അത്യുത്തമൻ" (വി.ഖു.)

7. മതപരമായ വ്യത്യാസങ്ങൾ പുണ്യം ചെയ്യുന്നതിനും പരസ്പരം ബന്ധപ്പെടുന്നതിനും അതിഥി സൽക്കാരത്തിനും തടസ്സമാവരുത്.

''നല്ല ഭക്ഷണ പദാർഥങ്ങൾ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. വേദക്കാരുടെ ഭക്ഷണം നിങ്ങൾക്കും നിങ്ങളുടെ ഭക്ഷണം അവർക്കും അനുവദനീയമാണ്. സത്യവിശ്വാസികളായ പതിവ്രതകളും വേദക്കാരിലെ പതിവ്രതകളും നിങ്ങൾക്കു അനുവദിക്കപ്പെട്ടിരിക്കുന്നു." (വി.ഖു.)

8. ജനങ്ങളിൽ മതപരമായ അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ മാന്യമായ നിലക്ക് ആശയവിനിമയം നടത്താവുന്ന

താണ്. മര്യാദയോടും തെളിവിന്റെ പിൻബലത്തോടും കൂടിയായിരിക്കണമെന്നുമാത്രം.

"ഏറ്റവും നല്ല മാർഗത്തിലൂടെ മാത്രമേ വേദക്കാരുമായി നിങ്ങൾ സംവാദം നടത്താവൂ. "(വി.ഖു)

എതിരാളികളോട് നീചമായി പെരുമാറുകയോ അവരുടെ ആദർശങ്ങളെ അപഹസിക്കുകയോ ചെയ്യരുത്. അവർ ബിംബാരാധകരാണെങ്കിൽ പോലും.

"അള്ളാഹുവെ കൂടാതെ അവർ വിളിച്ചു പ്രാർത്ഥിക്കുന്നവരെ നിങ്ങൾ ശകാരിക്കരുത്. അങ്ങനെ ചെയ്താൽ അറിവില്ലാതെ അവർ അള്ളാഹുവെയും അക്രമപരമായി ശകാരിക്കും."(വി.ഖു)

9. ആദർശത്തിനു നേരെ ആക്രമണമുണ്ടായാൽ കലാപം തടയുന്നതിനു വേണ്ടി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

"കുഴപ്പം ഇല്ലാതാവുകയും അള്ളാഹുവിന് മാത്രം അനുസരണമായിത്തീരുകയും ചെയ്യുന്നതുവരെ അവരോട് നിങ്ങൾ സമരം ചെയ്യുക" (വി.ഖു)

10. മതത്തിന്റെ നേരെ അക്രമം നടത്തുകയും സ്വാതന്ത്ര്യത്തെ ഹനിക്കുകയും ചെയ്യാനുദ്ദേശിക്കുന്നവരെ പരാജയപ്പെടുത്തിയാൽ പിന്നീടവരോട് പ്രതികാര നടപടികൾ സ്വീകരിക്കാൻ പാടില്ല. അവരെ മതപരിത്യാഗത്തിന് നിർബന്ധിക്കുകയോ അടിച്ചമർത്തുകയോ അരുത്. രാഷ്ട്രത്തിന്റെ ഭരണകൂടത്തെ അവരംഗീകരിക്കുകയും അതിന് കീഴ്പ്പെട്ട് ജീവിക്കുകയും ചെയ്താൽ മതി.

ഇസ്‌ലാമിൽ മതസഹിഷ്ണുതയുടെ അടിത്തറകളാണിവ. ദൈവത്തിന്റെ എല്ലാ പ്രവാചകന്മാരേയും വിശ്വസിക്കേണ്ടതും ആദരിക്കേണ്ടതും മുസ്‌ലിംകൾക്ക് നിർബന്ധമാണ്. മറ്റു മതസ്ഥരോട് നല്ല രീതിയിൽ പെരുമാറുകയും മാന്യോചിതമായി സഹവർത്തിക്കുകയും വേണം. വേദക്കാരുമായി വൈവാഹിക ബന്ധം പിലർത്തി കുടുംബസങ്കലനം സാധിക്കാവുന്നതുമാണ്. അന്യരുടെ ആരാധനസ്ഥലങ്ങൾ സംരക്ഷിക്കുകയും അവരുടെ ആദർശവിശ്വാസങ്ങളിൽ കൈകടത്താതിരിക്കുകയും ചെയ്യുക മുസ്‌ലിം രാഷ്ട്രത്തിന്റെ ചുമതലയാണ്. അവകാശങ്ങളിലും സാമൂഹിക ബാധ്യതകളിലും മുസ്‌ലിം, അമുസ്‌ലിം വ്യത്യാസമുണ്ടാവില്ല. മുസ്‌ലിംകളുടെ അന്തസ്സും ഭാവിയും സംരക്ഷിക്കുന്ന പോലെ അമുസ്‌ലിംകൾക്കും സംരക്ഷണമുണ്ടായിരിക്കും.

മറ്റുമതങ്ങളുടെ നേരെ സങ്കുചിതത്വം കാണിക്കാത്ത ഏകമതം ഇസ്‌ലാമാണ്. സാമൂഹിക രംഗത്തു നിന്നും പൊതുപ്രവർത്തന മണ്ഡലത്തിൽനിന്നും മറ്റുള്ളവരെ അതകറ്റി നിർത്തുന്നില്ല. മുഹമ്മദ് നബി ശിലാസ്ഥാപന കർമ്മം നിർവഹിച്ചതുമുതൽ ഇസ്‌ലാമിക സംസ്കാരത്തിന്റെ സവിശേഷതയായിരുന്നു മതസഹിഷ്ണുത. ജനങ്ങൾ സ്വന്തം മതത്തെ കയ്യൊഴിക്കുകയും അടിസ്ഥാനങ്ങൾ പാഴാക്കുകയും ചെയ്തപ്പോൾ ഇതും അവർക്ക് നഷ്ടപ്പെട്ടു.

മദീനയിൽ ജൂതന്മാർ തിങ്ങിത്താമസിച്ചിരുന്നു. നബി(സ) അങ്ങോട്ട് പലായനം നടത്തിയപ്പോൾ ആദ്യമായി ചെയ്തത് അവരുമായി ഒരു കരാറിലേർപ്പെടുകയാണ്. അവരുടെ ആദർശങ്ങളെ ആദരിക്കുമെന്നും മദീനയെ ആക്രമിക്കുന്നവർക്കെതിരിൽ ജൂതരും മുസ്‌ലിംകളും ഒറ്റക്കെട്ടായി പൊരുതുമെന്നുമായിരുന്നു ആ കരാർ. അങ്ങനെ ഇസ്‌ലാമിക സംസ്കാരത്തിന്റെ താഴ്‌വേരുകളിൽ മതസൗഹാർദ്ദത്തേയും ഉൾപ്പെടുത്തി.

വേദക്കാരായ അയൽക്കാരുണ്ടായിരുന്നു നബിക്ക്. തിരുമേനി അവരോട് നല്ലനിലയിൽ വർത്തിക്കുകയും അവർക്ക് സമ്മാനങ്ങൾ കൊടുക്കുകയും അവരിൽനിന്ന് കാഴ്ചകൾ സ്വീകരിക്കുകയും ചെയ്തിരുന്നു. അതുകൊണ്ടാണ് നബിക്ക് സമ്മാനിച്ച ആട്ടുമാംസത്തിൽ വിഷം ചേർക്കാൻ ഒരു ജൂതസ്ത്രീക്ക് സൗകര്യം സിദ്ധിച്ചത്. അബ്സീനിയ (എത്യോപ്യ) യിൽനിന്നു ക്രൈസ്തവ ദൗത്യസംഘം വന്നപ്പോൾ തിരുമേനി അവരെ പള്ളിയിൽവെച്ചു സൽക്കരിക്കുകയും വിരുന്നൂട്ടുകയും ചെയ്തു. "അവർനമ്മെ ആദരിക്കുന്നതുകൊണ്ട് അവരെ ഞാൻതന്നെ ആദരിക്കാനാണിഷ്ടപ്പെടുന്നത്." എന്ന് നബി (സ) പറയുകയുമുണ്ടായി.

മറ്റൊരിക്കൽ നജ്റാനിൽനിന്ന് ക്രിസ്ത്യൻ ദൗത്യസംഘമെത്തി. അന്നേരം തിരുമേനി അവരെ പള്ളിയിലിറക്കുകയും അവിടെവെച്ച് പ്രാർത്ഥിക്കാൻ അനുവദിക്കുകയും ചെയ്തു. നബിയും സഹാബത്തും ഒരു ഭാഗത്തും അവർ മറ്റൊരു ഭാഗത്തും നമസ്കരിച്ചു. അവർ തങ്ങളുടെ മതകാര്യങ്ങളെക്കുറിച്ച് പ്രവാചകനോട് തർക്കിച്ചപ്പോൾ അവരുടെ വാദങ്ങൾ സശ്രദ്ധം ശ്രവിക്കുകയും അതിന്ന് സ്നേഹത്തോടും മാന്യതയോടും മറുപടി നൽക്കുകയും ചെയ്തു. 'മുഖൗഖിസി' ന്റെ സമ്മാനം നബി(സ) സ്വീകരിച്ചു. അദ്ദേഹം അയച്ചുകൊടുത്ത അടിമസ്ത്രീയിലാണ് ഇബ്റാഹീം എന്ന കുട്ടി ജനിച്ചത്. ഖിബ്ത്വികളുമായി സൽപെരുമാറ്റം വേണമെന്നും നിങ്ങൾക്കവരുമായി വൈവാഹിക ബന്ധമുണ്ടെന്നും തിരുമേനി സഖാക്കളെ ഉപദേശിച്ചു.

മനുഷ്യത്വത്തിന്റെ ഉൽകൃഷ്ടവികാരത്തോടെയാണ് പ്രവാചകന്ന് ശേഷം ഖലീഫമാരും ചരിച്ചത്. ബൈത്തുൽമഖ്ദിസിലേക്ക് ഉമർ(റ) വിജയശ്രീലാളിതനായി പ്രവേശിക്കുന്നു. അസർനമസ്കാരത്തിന് സമയമായി. അദ്ദേഹം കനീസയുടെ ഉൾഭാഗത്താണ്. അവിടന്ന് നമസ്കരിക്കാൻ ഉമർ വിസമ്മതിച്ചു. പ്രസ്തുത സ്ഥലം ഞങ്ങൾക്കവകാശപ്പെട്ടതാണെന്ന് വാദിക്കാൻ മുസ്‌ലിംകൾക്ക് ഇതൊരു കാരണമായേക്കുമെന്ന് ഭയന്നതുകൊണ്ട്.

ഈജിപ്തുകാരിയായ ഒരു സ്ത്രീ ഉമറിനോട് ആവലാതിപ്പെട്ടു. ഗവർണ്ണർ അംറുബ്നുൽ ആസ് എന്റെ വീട് നിൽക്കുന്ന സ്ഥലം എന്റെ അനിഷ്ടത്തോടെ പള്ളിയിൽ ലയിപ്പിച്ചിരിക്കുന്നു. അംറിനോടന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "മുസ്‌ലിംകളുടെ അംഗബാഹുല്യം കാരണം പള്ളിയിൽ സ്ഥലം പോരാതെ വന്നു. തൊട്ടടുത്താണ് ഇവളുടെ വീട്. വീടിന്റെ വില കൊടുത്തപ്പോൾ അവൾ സ്വീകരിച്ചില്ല. വില വളരെ കൂട്ടിക്കൊടുത്തു. എന്നിട്ടും അവൾ സമ്മതിച്ചില്ല. അതിനാൽ ഞാൻ നിർബന്ധിതനായി അവളുടെ വീടുപൊളിച്ചു പള്ളിനിർമിച്ചു. വീട്ടിന്റെ വില ബൈത്തുൽമാലിൽ നിക്ഷേപിച്ചിട്ടുണ്ട്. എപ്പോൾ വേണമെങ്കിലും അവൾക്കത് വാങ്ങാം.'' ഉമർ ഇതിഷ്ടപ്പെട്ടില്ല. പള്ളിക്ക് വേണ്ടി പുതുതായെടുത്ത കെട്ടിടം പൊളിച്ചുകളയാനും ആ സ്ത്രീക്ക് പഴയതുപോലുള്ള വീട് കെട്ടിക്കൊടുക്കാനും അദ്ദേഹം ആജ്ഞാപിച്ചു.

ഇസ്‌ലാമിക സംസ്കാരത്തിനുകീഴിൽ വളർന്ന സമൂഹത്തിൽ ഈ ചൈതന്യം സ്ഫുരിച്ചുകാണാമായിരുന്നു. ആധുനിക യുഗത്തിൽപോലും ദർശിക്കപ്പെടാത്ത മാതൃകകൾ!

പള്ളികളും ചർച്ചുകളും ഒത്തൊരുമിച്ചു നിലനിന്നത് ആ മതസൗഹാർദ്ദ

ത്തിന്റെ പ്രതീകമായിരുന്നു. ചർച്ചുകളിലെ മതപുരോഹിതന്മാർക്ക് അവരുടെ മതപരമായ കാര്യങ്ങളിൽ സമ്പൂർണ സ്വാതന്ത്ര്യമുണ്ടായിരുന്നു. രാഷ്ട്രം അവയിൽ കൈകടത്തുകയില്ല. ഒരേ മതക്കാർക്കിടയിലുള്ള ഭിന്നിപ്പുകൾ തീർക്കുകയും എല്ലാ വിഭാഗങ്ങൾക്കും നീതി നൽകുകയും മാത്രമായിരുന്നു ഗവർമ്മെന്റ് ചെയ്തിരുന്നത്. റോമക്കാരുടെ ആധിപത്യകാലത്ത് 'മുൻകാനിയ്യാ' ക്കൾ ഖിബ്ത്തികളെ മർദ്ദിക്കുകയും അവരുടെ ആരാധനാലയങ്ങൾ സ്വായത്തമാക്കുകയും ചെയ്തിരുന്നു. മുസ്‌ലിംകൾ ഈജിപ്ത് ജയിച്ചടക്കിയപ്പോൾ ഖിബ്ത്തികളോട് നീതി കാണിക്കുകയും പള്ളികൾ അവർക്ക് വിട്ടുകൊടുക്കുകയും ചെയ്തു. അനന്തരം ഖിബ്ത്തികൾ പ്രതികാര നടപടികളാരംഭിച്ചപ്പോൾ ഹാറൂൺ റഷീദ് 'മുൻകാനിയ്യാ' ക്കളുടെ പാത്രീയർക്കീസുമായി ചർച്ചയ്തു പ്രശ്നം പരിഹരിച്ചു.

റോമക്കാരുടെ ഭരണകാലത്ത് സ്വപ്നം കാണാൻ പോലും കഴിയാത്ത സ്വാതന്ത്ര്യമാണ് മുസ്‌ലിംകളിൽനിന്ന് ക്രിസ്ത്യാനികൾക്ക് ലഭിച്ചത്. സ്വന്തം മതത്തിന്റെ ആചാര സമ്പ്രദായങ്ങളും ജനങ്ങളുടെ മേലുള്ള മതത്തിന്റെ സ്വാധീനവും അപ്പടി നിലനിർത്താൻ അന്നവർക്കു കഴിഞ്ഞു. ഓർത്തോഡക്സ് പാത്രീയർക്കീസുമാരുടെ ആസ്ഥാനമായിരുന്ന കോൺസ്റ്റാന്റിനോപ്പിൾ ജയിച്ചടക്കിയപ്പോൾ സുൽത്താൻ മുഹമ്മദുൽ ഫാതിഹ് തദ്ദേശീയരായ ക്രിസ്ത്യാനികൾക്ക് സംരക്ഷണം നൽകി. അവരുടെ ധനവും ജീവനും ആദർശവും പള്ളിയും കുരിശുകളും ഭദ്രമാക്കി. സൈനിക സേവനത്തിൽനിന്ന വരെ ഒഴിവാക്കി. അവർക്കിടയിലുണ്ടായിരുന്ന കുഴപ്പങ്ങൾ പരിഹരിക്കാൻ അവരുടെ നേതാക്കൾക്ക് അനുവാദം നൽകി. അവരുടെ വ്യക്തിനിയമത്തിൽ (പേഴ്സനൽലോ) ഗവർമ്മെന്റ് കൈകടത്തിയില്ല. എന്നാൽ 'ബീസന്തി' യ്യാക്കളുടെ ഭരണകാലത്ത് അവരുടെ മതസ്വാതന്ത്ര്യത്തിൽ ഇടപെട്ടിരുന്നു. ഇതര ക്രിസ്തീയ വിഭാഗങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്തിരുന്നു. അതിനാൽ പുതിയ ഭരണക്രമത്തിൽ അവരാശ്വാസം കണ്ടെത്തി. മുസ്‌ലിംകൾക്ക് മുമ്പ് ഭരിച്ചിരുന്ന സ്വന്തം വിഭാഗത്തേക്കാൾ മെച്ചപ്പെട്ട രൂപം അവർക്ക് കൈവന്നു. റോമിലെ പാത്രിയർക്കീസിന്ന് അഞ്ഞൂറ് വർഷത്തോളം ഈ സ്വാതന്ത്ര്യങ്ങളാസ്വദിക്കാൻ കഴിഞ്ഞു. ഈ മതസ്വാതന്ത്ര്യമുപയോഗിച്ചാണ് പാശ്ചാത്യർ പ്രസ്തുത നേതൃത്വത്തിന്നെതിരിൽ നീചമായ ഗൂഢാലോചന നടത്തിയതെന്നത് ഖേദകരമാണ്.

വളരെയധികം ആരാധനാലയങ്ങളിൽ മുസ്‌ലിംകളും ക്രിസ്ത്യാനികളും ഒന്നിച്ച് പ്രാർത്ഥന നടത്തിയിരുന്നു. നജ്റാനിലെ ക്രൈസ്തവരോട് നബി(സ) അനുവർത്തിച്ച നയം നാം പറഞ്ഞുകഴിഞ്ഞു. ദമാസ്കസിലെ യോഹന്നാൻ പള്ളിയുടെ പകുതി ക്രിസ്ത്യാനികൾ മുസ്‌ലിംകൾക്ക് വിട്ടുകൊടുത്തപ്പോൾ അവിടെവെച്ചു അവർ നമസ്കാരം നിർവഹിച്ചിരുന്നു. ഒരു വിഭാഗം ഖിബ്‌ലയിലേക്കും മറ്റേവിഭാഗം കിഴക്ക് ഭാഗത്തേക്കും അഭിമുഖമായി നില്ക്കും. ചരിത്രത്തിലെ നിസ്തുലമായൊരു ദൃശ്യം!

മുസ്‌ലിം ഭരണത്തിൻ കീഴിൽ ആദർശമോ ചിന്താഗതിയോ പരിഗണിക്കാതെ അർഹർക്ക് ഉദ്യോഗങ്ങൾ നൽകിയതായി കാണാം. അമവികളുടെയും അബ്ബാസികളുടെയും കാലത്ത് ക്രിസ്ത്യൻ ഡോക്ടർമാർക്ക് ഖലീഫമാരുടെ അടുത്ത് വലിയ പരിഗണനയായിരുന്നു. ബഗ്ദാദിലെയും ഡമാസ്കസിലേയും മെഡിക്കൽ സ്ഥാപനങ്ങളുടെ മേൽനോട്ടം കുറേക്കാലം അവർക്കായിരുന്നു. ക്രിസ്ത്യാനിയായ ഇബ്നു അസാലായിരുന്നു മുആവിയയുടെ പേഴ്സനൽ ഡോക്ടർ. അസ്നാസിയോസിന്ന് മർവാൻ ഈജിപ്തിലെ ഗവർമ്മെന്റുദ്യോഗങ്ങൾ നൽകി. പിന്നീടദ്ദേഹം രാഷ്ട്രത്തിലെ ഓഫീസുകാര്യങ്ങളുടെ തലവനായി. അവസാനം വളരെ പണവും പ്രതാപവും ആർജ്ജിച്ചു. നാലായിരം അടിമകളും ധാരാളം ഭവനങ്ങളും വയലുകളും തോട്ടങ്ങളും സ്വർണ്ണവും വെള്ളിയും സ്വായത്തമാക്കി. 'റഹാ' എന്ന സ്ഥലത്തുള്ള തന്റെ നാനൂറ് പീടികകൾക്കിടയിൽ അദ്ദേഹമൊരു പള്ളി നിർമിച്ചു. ഖലീഫ അബ്ദുൽമലിക് തന്റെ ചെറിയ സഹോദരനെ പഠിപ്പിക്കാനേൽപിച്ചത് ഇദ്ദേഹത്തെയാണ്. ഉമറുബ്നു അബ്ദിൽ അസീസിന്റെ പിതാവായിരുന്ന ഈ സഹോദരൻ ഈജിപ്ത് ഗവർണ്ണറായി.

ഖലീഫമാരുടെ സന്നിധിയിൽ പല ഡോക്ടർമാർക്കും പ്രത്യേക പരിഗണന ലഭിക്കുകയുണ്ടായി. ജർജീസുബ്നു ബഖ്തീശഅ് ഖലീഫാ മൻസൂറിന്റെ ഇഷ്ടസുഹൃത്തായിരുന്നു. ജർദീസിന്റെ ഭാര്യ ഒരു വൃദ്ധയായിരുന്നതിനാൽ മൻസൂർ മൂന്നു സുന്ദരികളായ അടിമസ്ത്രീകളെ അദ്ദേഹത്തിനു നൽകി. "ഭാര്യ ജീവിച്ചിരിക്കെ മറ്റൊരുത്തിയെ വിവാഹം ചെയ്യാൻ എന്റെ മതം അനുവദിക്കുന്നില്ല" എന്നു പറഞ്ഞുകൊണ്ട് ജർജീസ് അവരെ തിരിച്ചയച്ചു. ഇതിൽ സന്തുഷ്ടനായ ഖലീഫ അയാളെ കൂടുതൽ ആദരിക്കാൻ തുടങ്ങി. അയാൾ രോഗിയായപ്പോൾ ഖലീഫ നടന്നുചെന്ന് അയാളെ സന്ദർശിച്ചു. തന്റെ പിതാക്കളോടൊത്ത് മറവുചെയ്യാൻ നാട്ടിലേക്ക് പോവുന്നതിന് ഡോക്ടർ അനുവാദം ചോദിച്ചു. നിങ്ങൾക്ക് മുസ്‌ലിമായി സ്വർഗത്തിൽ പോയിക്കൂടെ എന്ന് ഖലീഫ് ആരാഞ്ഞു. "എന്റെ മാതാപിതാക്കളുടെ കൂടെ സ്വർഗത്തിലോ നരകത്തിലോ ആകാനാണ് ഞാനിഷ്ടപ്പെടുന്നതെ"ന്നായിരുന്നു അയാളുടെ മറുപടി. അത് കേട്ടു മൻസൂർ ചിരിക്കുകയും പതിനായിരം ദീനാർ നൽകാൻ ഉത്തരവിടുകയും ചെയ്തു.

സൽമവൈഹിബ്നു ബന്നാൻ എന്നൊരു ക്രിസ്ത്യാനിയായിരുന്നു ഖലീഫ മുഅ്തസിമിന്റെ ഡോക്ടർ.അദ്ദേഹം മരിച്ചപ്പോൾ മുഅ്തസിം അഗാധമായ ദുഃഖം പ്രകടിപ്പിച്ചു. അദ്ദേഹത്തെ സ്വന്തം മതാചാരങ്ങളനുസരിച്ച് സംസ്കരിക്കാൻ ഏർപ്പാടു ചെയ്തു.

ഖലീഫമാരുടെയും ഗവർണ്ണർമാരുടേയും സന്നിധിയിൽ കവികളുടെയും സാഹിത്യകാരന്മാരുടേയും അവസ്ഥ ഇതുതന്നെയായിരുന്നു. അവരുടെ മതങ്ങളോ ചിന്താഗതികളോ പരിഗണിക്കപ്പെട്ടിരുന്നില്ല. കവിശ്രേഷ്ടനായ അഖ്തൽ അമവിഭരണകാലത്ത് എത്രമാത്രം ഉന്നതസ്ഥാനീയനായിരുന്നുവെന്ന് നമുക്കറിയാം. പട്ടുത്തലപ്പാവണിഞ്ഞ്, ഉരുക്കുകൾ കെട്ടി അദ്ദേഹം ഖലീഫയുടെ അടുത്ത് അനുവാദം ചോദിക്കാതെ പ്രവേശിക്കുമായിരുന്നു. കഴുത്തിലണിഞ്ഞ സ്വർണവളയത്തിൽ ഒരു കുരിശുതൂങ്ങിക്കിടക്കുന്നുണ്ടാവും. താടിയിലൂടെ കള്ള് ഉറ്റി വീണുകൊണ്ടിരിക്കും.

"അൻസാറുകളുടെ തലപ്പാവുകൾക്കടിയിൽ പതിത്വമാണ് " എന്നു പാടി അൻസാരികളെ ഒന്നടങ്കം ആക്ഷേപിച്ചത് ഇദ്ദേഹമാണ്. ഇതു കേട്ട് അൻസാരികൾ വിഷാദിക്കുകയും നബിയുടെ കൂട്ടുകാരനായ നുഅ്മാനുബ്നു ബശീറിനെ ഖലീഫയുടെ സന്നിധിയിലേക്കയക്കുകയും ചെയ്തു. അബ്ദുൽമലിക്കിന്റെ അടുത്തെത്തിയ നുഅ്മാൻ തല

പ്പാവുപൊക്കി "ഇവിടെ വല്ല പതിത്വവു മുണ്ടോ?" എന്ന് ചോദിച്ചു. ഖലീഫ അദ്ദേഹത്തെ ആശ്വസിപ്പിച്ചയച്ചു. എങ്കിലും അഖ്തലിന്നെതിരിൽ നടപടികളൊന്നും സ്വീകരിച്ചില്ല.

ഭിന്നമതക്കാരെയും ആദർശക്കാരെയും ഒരുമിച്ചുകൂട്ടി വൈജ്ഞാനിക ചർച്ചകൾ സംഘടിപ്പിക്കുന്നത് ഖലീഫമാരുടെ സമ്പ്രദായമായിരുന്നു. മഅ്മൂന്റെ കാലത്ത് വളരെ സ്വതന്ത്രമായ രീതിയിലാണ് ഇത്തരം ചർച്ചകൾ നടന്നിരുന്നത്. അദ്ദേഹം അവരോടു പറയും: "നിങ്ങൾക്കിഷ്ടമുള്ള വിഷയങ്ങൾ ചർച്ച ചെയ്യാം. പക്ഷെ, തങ്ങളുടെ മതഗ്രന്ഥങ്ങൾ ആരും തെളിവായുദ്ധരിക്കരുത്. അങ്ങനെയാകുമ്പോൾ വിഭാഗീയ പ്രവണതകൾ ഉയരുകയും കുഴപ്പങ്ങൾ മൂർച്ചിക്കുകയും ചെയ്യും."

ഖലഫുബ്നുൽ മുസന്നാ പറയുന്നു: പാണ്ഡിത്യത്തിലും യോഗ്യതയിലും നിസ്തുലരായ പത്തുപേർ ഒരേ സദസ്സിൽ ഒരുമിച്ചുകൂടാറുണ്ടായിരുന്നു. 'സുന്നി' യായ ഖലീലുബ്നു അഹ്മദും 'ശീഇ' യായ ഹിംയരിയും 'സിന്തീഖാ' യ സാലിഹുബ്നു അബ്ദിൽ ഖുദ്ദൂസും 'ഖാരിജി' യായ സുഫിയാനുബ്നു മജാശിഉം 'ശൂഊബി' യായ ബശ്ശാറുബ്നു ബുർദും ഹമ്മാദ് അജ്റദും 'ജൂത' നായ ജാലൂത്തും 'ക്രിസ്ത്യനാ' യ ഇബ്നു നളീറും 'മജൂസി' യായ ഉമറുബ്നുൽ മുഅയ്യിദും 'സാബിഇ' യായ ഇബ്നു സിനാനും ആയിരുന്നു അവർ. സ്നേഹവും സൗഹൃദവും മുറ്റിനിൽക്കുന്ന അന്തരീക്ഷത്തിൽ അവർ സംഭാഷണങ്ങൾ നടത്തും. മതപരമായ അഭിപ്രായഭിന്നതകൾ അവർക്കുണ്ടെന്ന് തോന്നുകയേയില്ല. ഒരേ വീട്ടിൽതന്നെ സുന്നിയും ശീഇയും ഖാരിജിയും മുഅ്തസിലിയുമായ സഹോദരന്മാരുണ്ടായിരുന്നു. അവരെല്ലാം വലിയ മമതയിൽ പെരുമാറുകയും ചെയ്തിരുന്നു. ഒരു സംഭവം പറയാം: ഒരു വീട്ടിൽ രണ്ടു സഹോദരന്മാർ വസിച്ചിരുന്നു. ഒരാൾ വലിയ മതഭക്തനും മറ്റവൻ തികഞ്ഞ നിരീശ്വരനും. മതഭക്തൻ താഴെ നിലയിലും നിരീശ്വരൻ മേലെ നിലയിലുമാണ് താമസം. ഒരു ദിവസം രാത്രി മേലെ നിലയിലുള്ളവൻ തന്റെ കൂട്ടുകാരൊത്ത് പാടിക്കളിക്കാനും ബഹളം കൂട്ടാനും തുടങ്ങി. ഇത് കാരണം ഉറങ്ങാൻ സാധിക്കാത്ത മതവിശ്വാസി തന്റെ സഹോദരന്റെ നേരെ നോക്കിപ്പറഞ്ഞു:

'ദുർവൃത്തികൾ ചെയ്യുന്നവർ തങ്ങളെ അല്ലാഹു ഭൂമിയിൽ ജീവനോടെ കുഴിച്ചുമൂടുകയില്ലെന്നു സമാധാനിക്കുന്നുവോ?'

ഇത് കേട്ട സഹോദരൻ ഉടനെ മറുപടി പറഞ്ഞു:

'നീ അവരിൽ ഉണ്ടായിരിക്കെ, അല്ലാഹു അവരെ ശിക്ഷിക്കുകയില്ല.'

അന്നത്തെ മതപരമായ ഉൽസവങ്ങളിൽ ഈ മതസൗഹാർദ്ദം പ്രകടമായി കാണാമായിരുന്നു. അമവികളുടെ കാലം മുതൽ ക്രിസ്ത്യാനികൾ അങ്ങാടികളിൽവെച്ച് പല ആഘോഷങ്ങളും നടത്താറുണ്ട്. അന്ന് മതപുരുഷന്മാർ വൈദിക വേഷങ്ങളണിഞ്ഞ് മുൻനിരയിൽ സ്ഥാനമുറപ്പിക്കും. പാത്രിയർക്കീസിന്റെ മുന്നിൽ ദീപങ്ങളും കുരിശുകളും ബൈബിളും ഉയർത്തിപ്പിടിക്കും. സ്തുതി കീർത്തനങ്ങളാലപിച്ചുകൊണ്ട് ജനാവലി അവരെ പിന്തുടരും.

മഖ്രീസി പറയുന്നു: 'ഇഖ്ശീദി' കളുടെ കാലത്ത് ജനങ്ങൾ മുങ്ങൾ ഉത്സവം സാഘോഷം കൊണ്ടാടിയിരുന്നു. ഹി:330 ലാണ് അത് അത്യാകർഷകമായത്. മുഹമ്മദ്ബ്നു തഗ്ജ് എന്ന ഭരണാധികാരി തന്റെ കൊട്ടാരത്തിലിരുന്നു. അദ്ദേഹത്തിനു ചുറ്റും ആയിരം ദീപങ്ങൾ കത്തിച്ചു. വിളക്കുകളും മെഴുകുതിരികളും മറ്റും ജ്വലിപ്പിച്ചുകൊണ്ട് ജനങ്ങളും ഉത്സവത്തിൽ പങ്കാളികളായി. മുസ്ലിംകളും ക്രിസ്ത്യാനികളുമായ ആയിരക്കണക്കിനാളുകൾ തോണികളിൽ കയറി. നദീതീരങ്ങളിൽ ജനബാഹുല്യം കാരണം കാലുവെക്കാൻ പഴുതില്ലായിരുന്നു. എല്ലാവരും വർണ്ണശബളമായ വസ്ത്രങ്ങളണിഞ്ഞു, വെള്ളത്തിൽ മുങ്ങിക്കുളിച്ചു. അത് രോഗശമനത്തിനുതകുമെന്നായിരുന്നു അവരുടെ ധാരണ.

കുരിശുയുദ്ധങ്ങൾ നടന്നുകൊണ്ടിരുന്നപ്പോൾ പോലും ഇത്തരം സ്നേഹ പ്രകടനങ്ങൾ പലേടത്തും തെളിഞ്ഞു കണ്ടിരുന്നു. ലോകസഞ്ചാരിയായ ഇബ്നു ജുബൈർ തന്റെ യാത്രാവിവരണത്തിൽ എഴുതുന്നു: മുസ്ലിംകളുടേയും ക്രൈസ്തവരുടേയും ഇടയിൽ കുഴപ്പങ്ങൾ കത്തിജ്വലിച്ചുകൊണ്ടിരിക്കെ തന്നെ ഇരു വിഭാഗങ്ങളും വലിയ സൗഹൃദത്തിലായിരുന്നുവെന്നത് വിചിത്രമായി തോന്നാം. ഈജിപ്തിൽനിന്ന് ദമാസ്കസിലേക്ക് ഫ്രഞ്ചുനാടുകളിലൂടെ യാത്രാസംഘങ്ങൾ വന്നുംപോയുമിരുന്നു. മുസ്ലിം നാടുകളിലെ ക്രിസ്ത്യാനികൾ നികുതികൾ കൃത്യമായടച്ചു. ക്രൈസ്തവ വ്യാപാരികൾ മുസ്ലിം നാടുകളിൽ സമാധാനപരമായി കച്ചവടം ചെയ്തു. അവർക്കിടയിൽ സമ്പൂർണ്ണമായ ഒരുമയായിരുന്നു. യോദ്ധാക്കൾ രണാങ്കണത്തിൽ അടരാടുന്നു. ജനങ്ങൾ ഒന്നുമറിയാതെ കഴിഞ്ഞുകൂടുന്നു.

പോയ കാലചരിത്രങ്ങളിലൊന്നും ഇസ്ലാമിന്റേതിന് തുല്യമായ മതസഹിഷ്ണുത കാണുകയില്ല. സത്യത്തെ ആദരിക്കുന്ന പാശ്ചാത്യൻ ചരിത്രകാരന്മാരെല്ലാം ഈ വസ്തുത സമ്മതിച്ചിട്ടുണ്ട്.

അമേരിക്കക്കാരനായ ഡ്രാബർ എഴുതുന്നു: ഖലീഫമാരുടെ കാലത്ത് ക്രിസ്ത്യാനികളും ജൂതരുമായ വിജ്ഞാനികളോട് സബഹുമാനം പെരുമാറുക മാത്രമല്ല മുസ്ലിംകൾ ചെയ്തിരുന്നത്. ഉയർന്ന ഉദ്യോഗങ്ങൾ അവർക്ക് നൽകുകയും ഉന്നത പദവികളിൽ അവരെ അവരോധിക്കുകയും കൂടി ചെയ്തിരുന്നു. ഹാറൂൻ റശീദ് വിദ്യാലയങ്ങളുടെ ഉത്തരവാദിത്വം ഹന്നബ്നു മാസവൈഹിയെ ഏല്പിച്ചു. പണ്ഡിതന്മാർ ഏത് നാട്ടിൽ, ഏതു മതത്തിൽ ജനിച്ചുവെന്നല്ല; ഓരോരുത്തരുടേയും പാണ്ഡിത്യവും പരിജ്ഞാനവും എന്താണ് എന്നായിരുന്നു നോക്കിയിരുന്നത്.

പ്രസിദ്ധ ചരിത്രകാരനായ വെൽസ് ഇസ്ലാമിന്റെ അധ്യാപനങ്ങളെക്കുറിച്ച് വിചിന്തനം ചെയ്യുന്നു: ലോകത്ത് മാന്യവും നീതിപൂർവവുമായ പെരുമാറ്റത്തിന് അടിത്തറ പാകിയത് ഇസ്ലാമാണ്. ജനങ്ങളിൽ ഔദാര്യവും വിട്ടുവീഴ്ചവും അത് വളർത്തുന്നു. മനുഷ്യസ്നേഹപരമായ പരിപാടികൾ നടപ്പാക്കുക മുഖേന അക്രമവും മർദ്ദനവും തേർവാഴ്ച നടത്തിയിരുന്ന ഒരു വിഭാഗത്തെ മനുഷ്യത്വത്തിന്റെ പ്രതീകമായി പരിവർത്തിപ്പിക്കാൻ അതിനു കഴിഞ്ഞു........ദയാവാത്സല്യവും വിട്ടുവീഴ്ചയും സാഹോദര്യവും നിറഞ്ഞതാണ് ഇസ്ലാമിക ചൈതന്യം.

"ക്രൈസ്തവരും ബിംബാരാധകരും ജൂതരും മുസ്ലിംകളും ഒരുപോലെ ഗവർമ്മെണ്ട് സർവീസിൽ ജോലിചെയ്തിരുന്നു'' വെന്നാണ് ഹാറൂൻ റശീദിന്റെ കാലത്തെ ഇസ്ലാമിക രാഷ്ട്രത്തെക്കുറിച്ച് സർമാർക്ക് സൈസ് എഴുതിയത്.

പത്താം ശതകത്തിലെ ഇസ്ലാമിക സ്പെയിനിനെപ്പറ്റി ലിഫി പ്രൊട്ടസ്റ്റൽ എഴുതുന്നു: ഓഫീസുജോലികളധികവും ക്രിസ്ത്യാനികളോ

ജൂതരോ ആയിരുന്നു നിർവഹിച്ചിരുന്നത്. ഉദ്യോഗങ്ങളും അവരായിരുന്നു അലങ്കരിച്ചിരുന്നത്. രാഷ്ട്രത്തിന്റെ ആഭ്യന്തരവും സൈനികവുമായ പ്രവർത്തനങ്ങൾപോലും അവർ നടത്തിയിരുന്നു. യൂറോപ്യൻ നാടുകളിലേക്ക് ഖലീഫയെ പ്രതിനിധീകരിച്ച് സ്ഥാനപതികളായി പോകുന്ന ജൂതന്മാരുണ്ടായിരുന്നു.

ഫ്രാൻസിലും സ്വിറ്റ്സർലാന്റിലും ഇറ്റലിയിലും മറ്റും മുസ്ലിംകൾ നടത്തിയ സമരങ്ങളെക്കുറിച്ച് റൈനോ എഴുതി: സ്പെയിനിൽ ക്രൈസ്തവരോട് നല്ലരൂപത്തിലാണ് മുസ്ലിംകൾ പെരുമാറിയത്. ഇതിന്റെ ഫലമായി ക്രിസ്ത്യാനികൾ മുസ്ലിംകളെ അനുകരിച്ച് ചേലാകർമ്മം നടത്തുകയും പന്നിമാംസം വർജ്ജിക്കുകയും ചെയ്തിരുന്നു.

ക്രൈസ്തവർക്കിടയിലെ ഭിന്നവിഭാഗങ്ങളെക്കുറിച്ചെഴുതിയപ്പോൾ ആർനോൾഡ് പറഞ്ഞു: 'അക്രമപരമായ പ്രവർത്തനങ്ങൾ നിരോധിക്കാൻ ഇസ്ലാമിന്റെ മതസഹിഷ്ണുതക്ക് സാധിച്ചു. ക്രിസ്ത്യാനികളായ എല്ലാ പ്രജകളോടും നീതിയോടും സമത്വത്തോടും വർത്തിക്കാൻ മുസ്ലിംകൾ ശ്രമിച്ചില്ലെന്നു കരുതുന്നത് ശരിയല്ല. 'ബിസന്തി' കളുടെ ഭരണത്തിനു പകരമായി ഓർത്തോഡക്സ് പള്ളികൾ പിടിച്ചടക്കാൻ മുസ്ലിം ഭരണകാലത്ത് ഈജിപ്തിലെ യാക്കോബക്കാർ ശ്രമിച്ചു. പക്ഷെ മുസ്ലിംകൾ അവയുടെ യഥാർത്ഥ അവകാശികളാരാണെന്ന് തെളിയിച്ച ശേഷം ഓർത്തോഡക്സ്കാർക്ക് തിരിച്ചുകൊടുക്കുകയാണുണ്ടായത്. ....ഇസ്ലാമിക ഭരണകാലത്തുടനീളം അവർ ക്രിസ്തീയ വിഭാഗങ്ങളോടനുവർത്തിച്ച മതസഹിഷ്ണുത നോക്കിയാൽ, ജനങ്ങളെ ഇസ്ലാമിലേക്ക് പരിവർത്തിപ്പിച്ച പ്രധാനോപാധി വാളായിരുന്നുവെന്ന പ്രചരണം എത്രമാത്രം അസത്യജടിലമാണെന്ന് മനസ്സിലാക്കാം.

ഇസ്ലാമിലെ മതസൗഹാർദ്ദത്തെപ്പറ്റി ഇത്രയധികം ആളുകളുടെ അഭിപ്രായങ്ങൾ നാമുദ്ധരിച്ചത്, ജനങ്ങളെ അക്രമമർദ്ദനങ്ങൾ നടത്തി നിർബന്ധിച്ച് ഇസ്ലാമിൽ ചേർത്തിയവരാണ് മുസ്ലിംകളെന്നും ഹീനമായ എല്ലാ മാർഗങ്ങളും അതിന്നവർ സ്വീകരിച്ചിരുന്നുവെന്നുമുള്ള ചില പാശ്ചാത്യൻ പക്ഷപാതികളുടെ ആരോപണം നിഷേധിക്കാനാണ്. ഈ കവാടം തുറക്കാതിരിക്കുകയായിരുന്നു അവർക്ക് നല്ലത്. കുരിശുയുദ്ധങ്ങളിലും സ്പെയിനിലും എന്നല്ല ആധുനിക യുഗത്തിൽപോലും മുസ്ലിംകൾക്കെതിരിൽ തങ്ങൾ കാണിക്കുന്ന മതപരമായ അസഹിഷ്ണുതയോർക്കുമ്പോൾ ലജ്ജാഭാരത്താൽ അവരുടെ ശിരസ്സുകൾ കുനിയേണ്ടതാണ്. അവരുടെ മർദ്ദനകഥകൾ ചരിത്രവിജ്ഞാനികൾക്ക് നിഷേധിക്കവയ്യ. കത്തോലിക്കരുടേയും പ്രോട്ടസ്റ്റന്റുകാരുടേയും 'അറവുസ്ഥലങ്ങളും' യൂറോപ്പിലെ മതപ്രതിയോഗികൾക്കെതിരിൽ റോമൻ കത്തോലിക്കർ നടത്തിയ മതയുദ്ധങ്ങളും മദ്ധ്യകാലനൂറ്റാണ്ടുകളിൽ സ്മാർത്തക്കോടതികൾ അനുവർത്തിച്ച ആനീതികളും വ്യക്തമാക്കുന്നു, പാശ്ചാത്യരാണ് സ്വന്തം അഭിപ്രായത്തോടും ആദർശത്തോടും എതിർക്കുന്നവരോട് ഏറ്റവുമധികം പകയും പോരും വെച്ചു പുലർത്തുന്നവരെന്ന് –അവർ സ്വന്തം വംശപരമ്പരയിൽ പെട്ടവരാണെങ്കിലും. അവരുടെ ചരിത്രത്തിലൊരിടത്തും മതസഹിഷ്ണുതക്ക് സ്ഥാനമുണ്ടായിരുന്നില്ല. രാഷ്ട്രീയത്തിന്റേയും കൊളോണിയലിസത്തിന്റേയും നേരിയ മറക്കുപിന്നിൽ ഇന്നും ഒളിഞ്ഞിരിക്കുന്നത് ശപ്തമായ മുസ്ലിം വിരോധമാണ്.

ഈ ചർച്ച ഉപസംഹരിക്കുന്നതിന്ന് മുമ്പ് ഒരു ക്രൈസ്തവ മഹാപുരോഹിതന്റെ വാക്കുകൾ കൂടി ഉദ്ധരിക്കട്ടെ. പന്ത്രണ്ടാം നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ ജീവിച്ച ടോക്യോവിലെ പാത്രിയർക്കീസ് മീഖാഈലാണദ്ദേഹം. മുസ്ലിംകളുടെ സഹിഷ്ണുതയേയും റോമക്കാരുടെ മർദ്ദനത്തേയും പററി അദ്ദേഹം പറഞ്ഞു: "ശക്തനും പ്രബലനുമായ ദൈവം രാഷ്ട്രങ്ങളെ അവനുദ്ദേശിക്കുന്നവർക്കു നൽകുന്നു. റോമക്കാർ ശക്തിയാർജ്ജിച്ചപ്പോൾ നമ്മുടെ ആരാധനാലയങ്ങൾ പിടിച്ചടക്കി. വീടുകൾ കൊള്ളയടിച്ചു. നമ്മുടെ സമ്പാദ്യങ്ങൾ അപഹരിച്ചു. ദൈവം ഇതുകണ്ടപ്പോൾ തെക്കുഭാഗത്തുനിന്ന് അറബികളെ നമ്മെ രക്ഷപ്പെടുത്താൻ വേണ്ടി നിയോഗിച്ചു. കത്തോലിക്കൻ ചർച്ചുകൾ വിനഷ്ടമായതുകാരണം നമുക്ക് കുറേ നഷ്ടമായെങ്കിലും അറബികളുടെ വിജയത്തോടെ ഓരോ വിഭാഗത്തിന്റെയും ആരാധനാലയങ്ങൾ അവയുടെ അവകാശികൾക്ക് തിരിച്ചുകിട്ടി. റോമക്കാരുടെ കാർക്കശ്യത്തിൽ നിന്നും മോചനം നേടി ഉപദ്രവത്തിൽനിന്നും മതവൈരാഗ്യത്തിൽ നിന്നും മോചനം നേടി സമാധാനത്തോടും സൈര്യത്തോടും ജീവിക്കാൻ കഴിഞ്ഞുവെന്നതും ഒരു നിസ്സാര നേട്ടമല്ല."

"അറബികളെ പോലെ കരുണാർദ്രരും സഹിഷ്ണുതയുള്ളവരുമായ ജേതാക്കളെയോ അവരുടെ മതത്തെപ്പോലെ വിശാലവീക്ഷണം പുലർത്തുന്ന മതത്തേയോ ജനങ്ങളറിഞ്ഞിട്ടില്ല." എന്ന ഗുസ്റ്റാഫ് ലോബണിന്റെ പ്രസ്താവം സത്യത്തോട് ചെയ്യുന്ന നീതി മാത്രമാണ്.

●